[Mr. K. A. Mathew.]

(സി) എത്ര വിളക്കുകാൽ സ്ഥാപിക്കുന്നതിനാണ് ആവശ്യപ്പെട്ടിട്ടുള്ളത് ? അതിൽ എത്ര അനുവദിച്ചിട്ടുണ്ട് ?

(ഡി) അനുവദിച്ചവ തന്നെയും സ്ഥാപിക്കുന്നതിനു കാല വിളംബം വരുത്തുന്നതെന്തുകൊണ്ടാണ് ?

HON'BLE MR. G. RAMACHANDRAN : (എ) വ-ഫ-ഫ ഫ ഫ ഫ.

(ബി) ഉണ്ട്.

(സി) ഇത്രയെണ്ണം വേണമെന്നാവശ്യപ്പെട്ടതിൽ ഫ ഫ ഫ-ൽ ഒ ഇ എണ്ണം അനുവദിച്ചു.

(ഡി) അതിലേക്ക് ആവശ്യമുള്ള പൈപ്പ് മുതലായ സാമാനങ്ങൾ കിട്ടാനുള്ള വിഷമംകൊണ്ടാണ് താമസം ഉണ്ടായത്.

MR. K. A. MATHEW : എന്നത്തേക്ക് ഒ ഇ എണ്ണമെങ്കിലും സ്ഥാപിക്കാൻ ഇടയാകും. ?

HON'BLE MR. G. RAMACHANDRAN : അത് എന്നൊന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അതിന് ആവശ്യമുള്ള പൈപ്പുകൾ വേണം.

MR. K. A. MATHEW : അത് എവിടെനിന്നും കിട്ടും ?

HON'BLE MR. G. RAMACHANDRAN : വെളിയിൽനിന്നും കിട്ടും.

MR. K. A. MATHEW : ഇതിനാവശ്യമുള്ള പൈപ്പുകൾ ഇവിടെയുണ്ടോ ?

HON'BLE MR. G. RAMACHANDRAN : ഉണ്ടെങ്കിൽ അനുവദിക്കാം.

വാഴൂർപകുതിയിൽ കാനംപാടം.

240. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇറിഗേഷൻ മന്ത്രി സദയം മറുപടി നൽകുമോ ?

(എ) ചങ്ങനാശ്ശേരിതാലൂക്കിൽ വാഴൂർപകുതിയിൽ കാനം കരയിൽ ഏകദേശം ൧൨൦ പറ നിലം (കാനംപാടത്തിലെ മികച്ച കൃഷി) വെള്ളത്തിന്റെ അഭാവംനിമിത്തം ഉണങ്ങിപ്പോകുന്നതായി ഗവണ്മെന്റിനറിവുണ്ടോ ?

(ബി) പ്രസ്തുത പാടത്തിലേക്ക് വെള്ളം നൽകിക്കൊണ്ടിരുന്ന അമ്പതച്ചിറക്കടവ് പന്ത്രണ്ട് വർഷം മുൻപ് പതിച്ചുകൊടുത്തുപോയതുകൊണ്ടാണ് ഈ കൃഷിനാശം ഉണ്ടാകുന്നതെന്ന് ഗവണ്മെന്റിനറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനു പരിഹാരമാർഗ്ഗം ഉണ്ടാക്കുന്നതിനു ഗവണ്മെൻറ് ശ്രമിക്കുമോ ?

HON'BLE MR. K. M. KORAH : (എ) ഗവണ്മെൻറിന് അറിവില്ല.

(ബി) അറിവില്ല.

(സി) എ. ബി. ഉത്തരങ്ങൾ അറിവില്ലാ എന്നാകയാൽ സി-ക്ക് ഉത്തരം പറയേണ്ട ആവശ്യമില്ല.

MR. K. A. MATHEW : അതിനെപ്പറ്റി ഗവണ്മെൻറ് അന്വേഷിക്കാൻ ഭയവുണ്ടാകുമോ ?

HON'BLE MR K. M. KORAH : അന്വേഷിക്കാൻ ഏർപ്പാട് ചെയ്യുന്നതാണ്.

തിരുവല്ലായിലെ ഗവണ്മെൻറ് ആശുപത്രി കെട്ടിടം.

241. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) തിരുവല്ലായിലെ ഗവണ്മെൻറ് ആശുപത്രി കെട്ടിടം ശോചനീയമായ അവസ്ഥയിലാണെന്നും, ആശുപത്രിവളപ്പിനു മതിലുകൾ എല്ലാവശത്തും ഇല്ലെന്നും ഉള്ള കാര്യം ഗവണ്മെൻറിനറിയാമോ ?

(ബി) നല്ല ആശുപത്രികെട്ടിടങ്ങൾ പണിയിക്കുന്നതിനും പ്രസവവാർഡ് വിപുലമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ ?

(സി) തിരുവല്ലാ ആശുപത്രിയിൽ മുമ്പ് രോഗികളെ ശുശ്രൂഷിക്കുന്നതിന് സിസ്റ്റേഴ്സ് ഉണ്ടായിരുന്നതായും അവരുടെ സേവനം രോഗികൾക്ക് ഏറ്റവും വലിയ സഹായമായിരുന്നു എന്നും അറിയാമോ ?

(ഡി) അവരെ വീണ്ടും നിയമിച്ച് രോഗികളുടെ പരിചരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആലോചിക്കുമോ ?

HON'BLE MR. G. RAMACHANDRAN : (എ) അറിയാം.

(ബി) തിരുവല്ലാ ആശുപത്രിയുടെ പ്രധാന കെട്ടിടങ്ങൾ പൊളിച്ചുപണിയുന്നതിനും മതിലുകൾ നന്നാക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്തുവരികയാണ്.

(സി) അറിയാം.

(ഡി) നഴ്സിംഗ് സിസ്റ്റേഴ്സിനെ കിട്ടുന്നതിന് ഇപ്പോൾ വളരെ പ്രയാസമുണ്ട്. യോഗ്യതയുള്ളവരെ കിട്ടുമ്പോൾ ഇക്കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly